
**Volume 07**
**Issue 16**
11 September, 2016

Eliyasleeva moosakalam IV

Deut 8:11-20
Is 33:13-24
Phil 2:1-11
Mt 4:12-17




## മാനസാന്തരപ്പെടുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു

## ദൈവത്തിന്റെ പ്രകാശമാവുക



Rev Bro
Amal
Kappilumackal

ദിവ്യകാരുണ്യ ഈ ശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ പ്രിയ സഹോദരങ്ങളെ ഏലിയാ ശ്ലീഹാ മൂശാക്കാലത്തിലെ നാലാമത്തെ ആഴ്ചയിലേയ്ക്കു പ്രവേശിച്ചിരിക്കുകയാണ് നാമിപ്പോൾ.

യഹൂദജനതയുടെ പ്രതീക്ഷകൾക്ക് വിരുദ്ധമായി യഹൂദമതത്തിന്റെ ആസ്ഥാനമായ ജറുസലേം വിട്ട് യേശു മറ്റൊരു സ്ഥലത്തേയ്ക്കു നീങ്ങിയത് ഇന്നത്തെ സുവിശേഷത്തിൽ ഏറെ ശ്രദ്ധയാകർഷിക്കുന്നതാണ്. യേശു തന്റെ ദൗത്യം ആരംഭിക്കുന്നതും ഉത്ഥാനത്തിനുശേഷം ശിഷ്യന്മാരെ ദൗത്യം ഏൽപ്പിച്ചു കൊടുക്കുന്നതും ഗലീലിയായിൽ വെച്ചാണ്. വിജാതീയരുടെ ഗലീലി എന്നറിയപ്പെടുന്ന സെബലൂൺ നഫ്ത്താലി പ്രദേശങ്ങളിലാണ് യേശു തന്റെ ദൗത്യം ആരംഭിക്കുന്നത്. യഹൂദരും വിജാതീയരും ഒരുമിച്ചു വസിക്കുന്ന ഈ പ്രദേശം തെരഞ്ഞെടുത്തത് യേശുവിന്റെ ദൗത്യത്തിൽ പ്രത്യേകം വെളിപ്പെടുത്തുന്ന അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം ഏറ്റു പറയുമ്പോൾ സെബലൂൺ നഫ്ത്താലി പ്രദേശങ്ങളിൽ കഴിഞ്ഞിരുന്ന യഹൂദജനത്തെയാണ് പ്രധാനമായും ഉദ്ദേശിക്കുക.

യേശുവിന്റെ വചനത്തിന്റെ ഉള്ളടക്കം മാനസാന്തരപ്പെടുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. എന്നാൽ സ്വർഗ്ഗരാജ്യം എവിടെയാണെന്ന് ഇതുവരെ വിശദമാക്കിയിട്ടില്ല. മറിച്ച് യേശുവിന്റെ വചനത്തിലൂടെയും പ്രവർത്തനത്തിലൂടെയും ആണ് അത് മനസിലാക്കുക.

വി. കൊച്ചുത്രേസാ പുണ്യവതിയുടെ ജീവിതത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. ഒരു സ്ത്രിയെയും മകളെയും കൊല ചെയ്ത് ഫ്രാൻസീസ് എന്ന മനുഷ്യനെ കോടതി വധ ശിക്ഷയ്ക്ക് വിധിക്കുമ്പോഴും മരണത്തിനുപോലും ആ വ്യക്തിയെ മാനസാന്തരപ്പെടുത്തുവാൻ സാധിച്ചില്ലായെന്ന് മാധ്യമങ്ങൾ എഴുതി. ഈ വാർത്തയറിഞ്ഞ കൊച്ചുത്രേസാ ആ പാപിയുടെ മാനസാന്തരത്തിനുവേണ്ടി കണ്ണീരൊഴുക്കി പ്രാർത്ഥിച്ചു. എന്നാൽ പിറ്റേദിവസത്തെ പത്രത്തിൽ അവൾ കാണുക എല്ലാവരാലും വെറുക്കപ്പെട്ട പാപിയായ ഫ്രാൻസീസ് മരിക്കുന്നതിന് മുൻപ് ക്രൂശിതരൂപം പിടിച്ചു വാങ്ങി കണ്ണീരൊടെ പ്രാർത്ഥിച്ച് ചുംബിച്ച വാർത്തയായിരുന്നു.

സ്നേഹമുള്ളവരേ, മത്തായി 4 17 തിരുവചനം നമ്മോട് പറയുകയാണ് മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. ഓരോ പാപിയുടേയും മാനസാന്തരത്തിനുവേണ്ടി കാത്തിരിക്കുകയാണ് കർത്താവ്. നമ്മുടെ ജീവിതത്തിൽ നടക്കേണ്ട ഒന്നാണ് മാനസാന്തരം. മാനസാന്തരമെന്നത് കഴിഞ്ഞകാലത്തെ പാപത്തെക്കുറിച്ചുള്ള കണ്ണുനീരല്ല. മറിച്ച് കഴിഞ്ഞ കാല പാപജീവിതത്തിൽ നിന്നുള്ള

പൂർണ്ണ വിടുതലും അവയിലേയ്ക്ക് തിരിച്ചു പോകില്ല എന്ന ഉറച്ച തിരുമാനവുമാണ്. അല്ലെങ്കിൽ ഹൃദയങ്ങളുടെ പരിവർത്തനമാണ് മാനസാന്തരം. പന്നിക്കുഴിയുടെ ഭീകരതയിൽ നിന്ന് പിതാവിന്റെ ഭവനത്തിലേയ്ക്കു ധൂർത്ത പുത്രൻ ചെന്നതുപോലെ ഒരു മടക്കയാത്ര നമ്മുടെ ജീവിതത്തിലും ഉണ്ടാകണം. ഇതാണ് ഇന്നത്തെതിരുവചനം നമ്മെ ഓർമ്മപ്പെടുത്തുക.

സുവിശേഷത്തിലൂടെ സഞ്ചരിക്കുമ്പോൾ മാനസാന്തരത്തിന്റെ ഫലങ്ങൾ സ്വീകരിച്ച് സ്വർഗ്ഗരാജ്യത്തിലേയ്ക്കു നടക്കുന്ന പലരേയും നാം കാണുന്നുണ്ട്. സക്കേവൂസും പാപിനിയായ സ്ത്രിയും സമരിയാക്കാരി സ്ത്രിയുമൊക്കെ പാപത്തിന്റെ പടുകുഴിയിൽ നിന്നും സ്വർഗ്ഗരാജ്യത്തിന്റെ മടിത്തട്ടിലേയ്ക്കു നടന്നു കയറിയവരാണ്. ദൈവം ഒരിക്കലും മനുഷ്യന്റെ കുറവുകളെ നോക്കാറില്ല. മറിച്ച് അവന്റെ മനോഭാവങ്ങളിലേയ്ക്കാണ് നോക്കുക. നിന്റെ മാനസാന്തരത്തിന്റെ സ്വാന്ത്വനങ്ങൾക്കുമപ്പുറം ദൈവത്തിന്റെ സ്വപ്നങ്ങളും പദ്ധതികളും നിന്റെ ജീവിതത്തിൽ പുനപ്രതിഷ്ഠിക്കുക എന്നതാണ് മാനസാന്തരം. ഒരു ക്രിസ്ത്യാനിയുടെ ജീവിത്തിൽ അനുദിനം അനുനിമിഷം പ്രവർത്തന നിരതമാകേണ്ട യാഥാർത്ഥമാകേണ്ട ഒന്നാണ് മനസാന്തരം.

പ്രിയമുള്ളവരെ മാനസാന്തരത്തിന്റെ വഴികളിലൂടെ സഞ്ചരിക്കുന്നവർക്കു മാത്രമേ പ്രകാശത്തിന്റെ മക്കളാകുവാൻ സാധിക്കു. അതിനായി വിളിക്കപ്പെട്ടവരാണ് നാം. കാരണം അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനതയെ ലോകത്തിന്റെ പ്രകാശത്തിലേയ്ക്കു നയിക്കുവനാണ് ഈശോ കടന്നു വന്നത്. അവിടുന്ന് ഈ ലോകത്തിലേയ്ക്കു പ്രകാശമായി വന്നതിന്റെ ലക്ഷ്യം തന്നെ സാത്താൻ തീർത്ത അന്ധകാരത്തെ അതി ജീവിക്കുവാനാണ്. എങ്കിൽ ലോകത്തിന്റെ പ്രകാശമായ ഈശോ എന്നിലേയ്ക്ക് എന്റെ കുടുംബത്തിൽ എന്റെ നിയോഗത്തിലേയ്ക്ക് കടന്നു വരണമെങ്കിൽ അവിടുത്തോട് ചേർന്നിരിക്കണം. കാരണം ഈശോ തന്നെ പറയുന്നുണ്ട്. ഞാൻ ലോകത്തിന്റെ പ്രകാശമാണെന്ന്.

പ്രകാശമില്ലാതെ പ്രവർത്തിക്കുന്ന ജീവിതങ്ങളായി നാം പലപ്പോഴും മാറുന്നുണ്ട്. എന്നാൽ നാം തിരിച്ചറിയേണ്ട ഒരു കാര്യം കർത്താവ് വസിക്കുന്ന ജീവിതങ്ങൾ അവിടുത്തെ സാന്നിധ്യമുള്ള ജീവിതങ്ങൾ വഴിവിളക്കുകൾ പോലെയാണ്. കാരണം ക്രിസ്തുവിനെ സുവിശേഷത്തിൽ അവതരിപ്പിക്കുക ഇരുളിലും മരണനിദ്രയിലും കഴിഞ്ഞിരുന്നവരെ തേടി വരുന്ന പ്രകാശമായിട്ടാണ്. എന്നാൽ ഞാൻ കടന്നു പോകുന്ന വഴികളിൽ ഞാൻ വസിക്കുന്ന ഇടങ്ങളിൽ ദൈവത്തിന്റെ പ്രകാശമുണ്ടാകും.

കൽകത്തായിലെ അന്ധകാരം നിറഞ്ഞ വഴികളിലൂടെ മദർതെരേസാ നടന്നു നീങ്ങിയപ്പോൾ അവിടെ നന്മയുടെ പ്രകാശം ഉണ്ടായി. മനസിൽ മുഴുവൻ ഇരുട്ടുനിറഞ്ഞ മൊളോക്കോയിലെ കുഷ്ഠരോഗികളുടെ ഇടയിലുട വി. ഡാമിയേൻ നടന്നപ്പോൾ അവിടെ പ്രകാശം ഉണ്ടായി. തിന്മയുടെ അന്ധകാരത്തിൽ കിടന്നിരുന്ന ഒരു പറ്റം യുവാക്കളുടെ അടുത്തേയ്ക്ക് വി. ഡോൺബോക്സോ ഇറങ്ങി തിരിച്ചപ്പോൾ അവർക്കിടയിൽ പ്രകാശം പരത്തുന്നവരായി. ആൻസിലെ തിന്മയുടെ അന്ധകാരത്തിലേയ്ക്ക് ജോൺ മരിയ വിനായി കടന്നു ചെന്നപ്പോൾ അവിടെയും പ്രകാശം ഉദയം ചെയ്തു. എന്നാൽ സ്നേഹമുള്ളവരേ, ക്രിസ്തുവിനെ ഹൃദയത്തിൽ വഹിച്ചുകൊണ്ട് യാത്ര ചെയ്യുമ്പോഴെല്ലാം നാം ചെല്ലുന്നിടത്തെല്ലാം പ്രകാശം കൊണ്ടു നിറഞ്ഞവരാകും.

ലോകത്തെ മുഴുവൻ പ്രകാശമാക്കാൻ സാധിച്ചില്ലെങ്കിലും എന്റെ കുടുംബത്തിൽ എന്റെ സുഹൃത്തുക്കളുടെ മുൻപിൽ ഞാനായിരിക്കുന്ന സമൂഹത്തിൽ ഒരല്പം പ്രകാശം നൽകുവാൻ സാധിക്കുമ്പോൾ നമ്മുടെ ജീവിതം അർത്ഥമുള്ളതായി തീരും. മിന്നാമിനുങ്ങിന്റെ നുറുങ്ങു വെട്ടത്തിന് അതിന്റേതായ പ്രാധാന്യമുണ്ട്. മിന്നാമിനുങ്ങിന്റെ എണ്ണം കൂടുമ്പൾ അതിന്റെ പ്രകാളത്തിന്റെ അളവ് കൂടും. അതുപോലെ നമ്മുടെ കൊച്ചു പ്രകാശങ്ങൾ ഒരുമിച്ചു ചേർക്കുമ്പോൾ അത് വലിയ പ്രകാശമാകും. അനേകരെ നന്മയിലേയ്ക്കു നയിക്കുന്ന പ്രകാശമാകാനും സാധിക്കും. അന്ധകാരം നിറഞ്ഞ തിന്മയുടെ ലോകത്തെ നന്മയുടെ പ്രകാശത്തിലേയ്ക്കു നയിക്കാൻ നമ്മുക്കങ്ങനെ കഴിയും. അതുവഴി നമ്മുടെ കുടുംബത്തിലും നാം ആയിരിക്കുന്ന സ്ഥലങ്ങളിലും സമൂഹങ്ങളിലും പ്രകാശിപ്പിച്ച് ലോകം മുഴുവൻ പ്രകാശമാകാൻ നമ്മുക്ക് സാധിക്കട്ടെ. അതിനുള്ള കൃപാവരം ഈശോ എല്ലാവർക്കും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.